# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുളക്കട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P11/2041/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുളക്കട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P11/2041/22 തീയ്യതി: 29/03/2023

## കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 21-10-2022 | 28-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-10-2022 | 28-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ പി, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)

ശ്രീമതി. സിജാ റാണി എസ് ഓഡിറ്റ് ഓഫീസർ

ശ്രീ.അനീഷ് വി എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.രാകേഷ് എം സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.റജിന എ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.പി.റ്റി.ഇന്ദുകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ജോസ് പ്രകാശ്.റ്റി.ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 08-04-2021 |
| ശ്രീ.സുജിത്ത് കുമാർ.വി | സെക്രട്ടറി | 09-04-2021 | 30-08-2021 |
| ശ്രീ.ജോസ് പ്രകാശ്.റ്റി.ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-08-2021 | 16-09-2021 |
| ശ്രീ.സുജിത്ത് കുമാർ.വി | സെക്രട്ടറി | 17-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോസ് പ്രകാശ്.റ്റി.ഐ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീത.ഒ.എൻ. | അസി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ.മുരളി.എം.പിള്ള | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി ദീപ പി എസ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ. ഉണ്ണികൃഷ്ണൻ നായർ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഡോ.രാജീവ്.എം | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു എസ് ആർ | അസി.എഞ്ചിനിയർ ,എൻ ആർ ഇ ജി എസ് | 01-04-2021 | 31-03-2022 |
| ഡോ.സാബു.ആർ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ശോഭ.കെ | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ജയന്തി സുധാകരൻ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 20-06-2021 |
| ഡോ.ലക്ഷ്മി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 21-06-2021 | 31-03-2022 |
| ശ്രീമതി.ടെസ്സി റെയ്ച്ചൽ തോമസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.വത്സലകുമാരി രാഖി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.സുധീഷ് കുമാർ | ഡയറിഫാംഇൻസ്ട്രക്ടർ | 01-04-2021 | 26-07-2021 |
| ശ്രീ വർഗ്ഗീസ് മൈക്കിൾ | ഡയറിഫാംഇൻസ്ട്രക്ടർ | 27-07-2021 | 31-03-2022 |
| ശ്രീമതി.മഞ്ജു | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-08-2021 |
| ശ്രീമതി താര ആന്റണി | ഫിഷറീസ് ഇൻസ്പെക്ടർ | 01-09-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | 2021-22 വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ചെക്ക് മുഖേന വസ്തു നികുതി അടവാക്കിയത് പൂർണമായും പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. | 1-11 |
| 13 | കെട്ടിടനികുതി നിർണ്ണയിച്ചതിലെ അപാകത | 1-12 |
| 14 | 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച 1,41,100/-രൂപയുടെ ട്രഷറി ചെക്കുകൾ പണമാക്കാൻ നടപടി സ്വീകരിച്ചില്ല - 1,41,100/-രൂപ വരവ് നഷ്ടം. | 1-13 |
| 15 | പ്രോജക്ട് വകയിരുത്തിയതിലും കൂടുതൽ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു. | 1-14 |
| 16 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല. | 1-15 |
| 17 | വീട്ടുവളപ്പിൽ കുളത്തിൽ മത്സ്യകൃഷി - ഭാഗികമായി പദ്ധതി തുക അനുവദിച്ചു - 4,324/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-16 |
| 18 | ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കിയില്ല. | 1-17 |
| 19 | മാനുവൽ രസീത് പരിശോധിച്ചതിലെ അപാകത | 1-18 |
| 20 | പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് രേഖപ്പെടുത്തൽ പൂർണ്ണമല്ല. | 1-19 |
| 21 | ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 1-20 |
| 22 | പഠനമുറി നിർമ്മാണത്തിനായി തുക കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 23 | മരുന്നുകൾ, ഉപകരണങ്ങൾ KMSCL നിന്നും ലഭിച്ചിട്ടില്ല. | 1-22 |
| 24 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-23 |
| 25 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-24 |
| | ഭാഗം **2** | |
| 1 | 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച 1,41,100/-രൂപയുടെ ട്രഷറി ചെക്കുകൾ പണമാക്കാൻ നടപടി | 2-1 |

| | | |
|---|---|---|
| | സ്വീകരിച്ചില്ല- 1,41,100/-രൂപ വരവ് നഷ്ടം. | |
| 2 | ചെക്ക് മുഖേന വസ്തു നികുതി അടവാക്കിയത് പൂർണമായും പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. | 2-2 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം-3 | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20/02/2021 തീയതിയിലെ I (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 19-08-2022 | - | 25-10-2022 |

### 1-2-1 2021-22 വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ

2021-22 വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) Secured Loan (330500201)

2021-22 സാമ്പത്തിക വർഷം വാർഷിക കണക്ക് പ്രകാരം കുറവ് ചെയ്ത തുക – 5,64,666/-

2021-22 വിവിധ സർക്കാർ ഉത്തരവ് പ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുക – 11,00,000/-

വ്യത്യാസം – 5,35,334/-

വിശദാംശം ചുവടെ ചേർക്കുന്നു.

| സർക്കാർ ഉത്തരവ് | ജനറൽ | എസ്.സി. പി |
|---|---|---|
| സ.ഉ.(സാധാ) 3367/2021 ധനം തീ.07-04-2021 | 29,333/- | 0 |
| സ.ഉ.(സാധാ) 5206/2021 ധനം തീ.30-07-2021 | 3,96,000/- | 1,39,333/- |
| സ.ഉ.(സാധാ) 22/2022 ധനം തീ.01-01-2022 | 3,96,000/- | 1,39,334/- |
| ആകെ | 11,00,000/- | |

ലോൺ തിരിച്ചടവ് സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയതിനാൽ ലോൺ തിരിച്ചടവ് ബാക്കി ഉറപ്പാക്കാൻ കഴിയുന്നില്ല.

2) ട്രഷറിയിൽ നിന്നും വികസനഫണ്ട് ജനറൽ ഇനത്തിൽ ACR Bill No 61/05-10-2021 (പ്രോജക്റ്റ് നം. 163 ) പ്രകാരം പിൻവലിച്ച 72,000/-രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

വാർഷിക കണക്ക് പ്രകാരം വികസനഫണ്ട് ജനറൽ ചെലവഴിച്ച തുക – 1,65,97,572/-

ACR പ്രകാരം വികസനഫണ്ട് ജനറൽ ചെലവഴിച്ച തുക - 1,67,94,572/-

വ്യത്യാസം – 1,97,000/-

| ACR Bill No | പ്രോജക്റ്റ് നം | തുക(രൂപ) | |
|---|---|---|---|
| 61/05-10-2021 | 163 (വെറ്റില കൃഷി സ്പിൽ ഓവർ) | 72,000/- | 14/11/2021 ൽ ബിൽ നം. 03 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ചു |
| 125/26-03-2021 | 5 (എൽപി സ്കൂളുകൾക്ക് ഫർണിച്ചർ | 1,25,000/- | ട്രഷറിയിൽ നിന്നും തുക പിൻവലിച്ചിട്ടില്ല |
| | ആകെ | 1,97,000/- | |

3) ശുചിത്വ മിഷൻ ഗ്രാന്റ് 1,32,000/-രൂപയുടെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | ചെലവ് തുക (രൂപ) |
|---|---|
| 43 | 13,68,000/- |

| | |
|---|---|
| 45 | 5,15,000/- |
| 215 | 1,05,000/- |
| 218 | 1,05,000/- |
| 214 | 2,10,000/- |
| 216 | 2,10,000/- |
| ആകെ | 25,13,000/- |
| വാർഷിക കണക്ക് പ്രകാരം ശുചിത്വ മിഷൻ ഗ്രാന്റ് ചെലവഴിച്ച തുക | 23,81,000/- |
| വ്യത്യാസം | 1,32,000/- |

4) KDCB സ്ഥിരനിക്ഷേപം ഇനത്തിൽ നീക്കിയിരുപ്പുള്ള 5,000/-രൂപയുടെ നിക്ഷേപ രസീത് ഇല്ല.

5) SBI Ac.No.57029749080 ൽ ബാങ്ക് ചാർജ്ജ് ഇനത്തിൽ കുറവ് ചെയ്ത 649/-രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

6) SBI Ac.No.57024525995 റീക്കൺസിലിയേഷൻ പത്രികയിൽ നീക്കിയിരുപ്പായി കാണിച്ചിട്ടുള്ള 84,768/-രൂപ അക്കൗണ്ടിലില്ല. ബാങ്ക് ബാലൻസ് '0' ആണ്.

7) LGTSB Ac No 799013000001034 റീക്കൺസിലിയേഷൻ പത്രികയിൽ Cheque Deposited But Not Cleared ആയി കാണിച്ചിട്ടുള്ള 2,01,100/-രൂപയിൽ 1,41,100/-രൂപയുടെ ചെക്കുകൾ കളക്ഷന് സമർപ്പിച്ചിട്ടില്ല.

8) ഐ.സി ഡി എസ് കേന്ദ്ര വിഹിതം ഇനത്തിൽ ലഭ്യമായതിലും അധികമായി 6,29,918/-രൂപ ചെലവഴിച്ചു. ടി തുക തനത് ഫണ്ട് നീക്കിയിരുപ്പിൽ നിന്നാണ് ചെലവഴിച്ചത്.

9) ചെക്ക് നം. 32630, തീ. 31.03.22 പ്രകാരം സെൽഫ് ചെക്ക് മുഖേന 30,894/-രൂപ കുളക്കട സർവ്വീസ് സഹകരണ ബാങ്ക് അക്കൌണ്ട് നം. 1012-ൽ നിന്ന് പിൻവലിച്ച് ക്യാഷ്ബുക്കിൽ ഉൾപ്പെടുത്തി ചെലവഴിച്ചതായി ക്യാഷ് ബുക്കിൽ സമ്മറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തുക അൺക്യാഷ്ഡ് ആയി ബാങ്ക് റീക്കൺസീലിയേഷൻ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി തുക ബാങ്കിൽ നിന്ന് പിൻവലിച്ചിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,33,99,074/-രൂപ |
| വരവ് | 9,70,81,831/-രൂപ |
| ആകെ | 13,04,80,905/-രൂപ |
| ചെലവ് | 10,25,63,131/-രൂപ |
| നീക്കിയിരിപ്പ് | 2,79,17,774/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 1,43,788/-രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 77,91,844/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,92,69,156/- | 1,92,69,156/- | 1,90,67,705/- | 2,01,451/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,27,02,100/- | 1,27,02,100/- | 1,15,99,915/- | 11,02,185/- |
| മെയിന്റനൻസ്, റോഡ് | 0 | 2,06,16,757/- | 2,06,16,757/- | 1,19,97,854/- | 86,18,903/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 85,22,743/- | 85,22,743/- | 22,81,592/- | 62,41,151/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant) TREASURY | 0 | 2,94,681/- | 2,94,681/- | 0 | 2,94,681/- |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) (TREASURY) | 0 | 76,76,831/- | 76,76,831/- | 42,68,993/- | 34,07,838/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 53,81,000/- | 53,81,000/- | 28,32,950/- | 25,48,050/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 36,47,265/- | 36,47,265/- | 33,71,901/- | 2,75,364/- |
| എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1,348/- | 10,91,722/- | 10,93,070/- | 10,29,009/- | 64,061/- |
| എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ കൂലി | 0 | 5,98,03,445/- | 5,98,03,445/- | 5,98,03,445/- | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ICDS | 1,35,365/- | 12,03,001/- | 13,38,366/- | 19,68,284/- | (-)6,29,918/- |
| TSC | 10,41,713/- | 0 | 10,41,713/- | 0 | 10,41,713/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| Life State Share | 80,000/- | 0 | 80,000/- | 80,000/- | 0 |
| Literacy | 1,263/- | 0 | 1,263/- | 0 | 1,263/- |
| അംഗൻവാടി ആസ്തി | 58,000/- | 0 | 58,000/- | 58,000/- | 0 |
| ശുചിത്വമിഷൻ | 31,47,363/- | 11,90,000/- | 43,37,363/- | 23,81,000/- | 19,56,363/- *യഥാർത്ഥ നീക്കിയിരുപ്പ് 18,24,363/-രൂപയാണ്. അപാകത 1-2-3ൽ പ്രതിപാദിച്ചിട്ടുണ്ട്. |
| സ്പെസഫിക് പർപസ് | 4,63,700/- | 3,13,149/- | 7,76,849/- | 13,149/- | 7,63,700/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 233 | 18,81,82,264/- | 116 | 7,51,06,712/- | 19 | 98 | 50.64% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്(₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്(₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,348/- | 10,91,722/- | 10,93,070/- | 10,29,009/- | 64,061/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,98,03,445/- | 5,98,03,445/- | 5,98,03,445/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 1,61,400/- |
| കർഷകതൊഴിലാളി പെൻഷൻ | 24,82,900/- |
| വിധവാപെൻഷൻ | 2,17,49,800/- |
| വാർദ്ധക്യകാലപെൻഷൻ | 4,47,74,900/- |
| വികലാംഗപെൻഷൻ | 68,89,200/- |

| | |
|---|---|
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 12,88,600/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 4,20,000/- |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 16,951/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ 05.09.2021 വരെ സാംഖ്യ രസീത് നൽകി സ്വീകരിച്ചു. തുടർന്ന് ILGMS മുഖേന വരവുകൾ സ്വീകരിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യത പരിശോധിക്കേണ്ടതാണ്.

06.09.2021 മുതൽ പഞ്ചായത്തിൽ ILGMS പ്രാവർത്തികമാക്കിയതിനാൽ ഫ്രണ്ട് ഓഫീസ് ഡയറി അപ്രസക്തമാകുന്നു. എന്നാൽ അതുവരെയുള്ള കാലയളവിൽ ഡയറി എഴുതിസൂക്ഷിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി തരിശുനിലം കൃഷിയോഗ്യമാക്കൽ എന്ന പദ്ധതിക്കുശേഷം കൃഷിയിടങ്ങളിൽ നടന്ന തുടർപ്രവർത്തനങ്ങളെപ്പറ്റി വ്യക്തതയില്ലാത്ത അവസ്ഥ നിലനിൽക്കുന്നു. ഇത് പഞ്ചായത്തിന്റെ വിവിധ പദ്ധതി നിർവ്വഹണാധികാരികളുടെ പദ്ധതിനിർവ്വഹണ പ്രവർത്തനങ്ങളുടെ ഏകോപനത്തിലെ അപാകതയായി വിലയിരുത്തുന്നു.

അപാകതകളിലേക്ക് പഞ്ചായത്തുഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/07/2022 | 09/2021 – 03/2022 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.01.2021 | 2015-16 – 2019-20 | 12.03.2021 |

1-11 ചെക്ക് മുഖേന വസ്തു നികുതി അടവാക്കിയത് പൂർണമായും പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.

ശ്രീ.ജി. ഗോപിനാഥപിള്ള, തഹസീൽദാർ 30.3.2022 തീയതിയിൽ 1210105599 നമ്പർ രസീത് പ്രകാരം 7,986/-രൂപ (വസ്തു നികുതി) ചെക്ക് മുഖേന ഫ്രണ്ട് ഓഫീസിൽ അടവാക്കിയിട്ടുണ്ട്. 7,986/-രൂപയിൽ (ചെക്ക് നം. 202450/19.12.21- 2,688/-, 202458/19.01.2022- 2,688/-, 202462/15.02.22- 2,610/-) 5,298/-രൂപ മാത്രമേ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുള്ളൂ. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 2,688/-രൂപ (7986 – 5298) പഞ്ചായത്ത് ഫണ്ട് നാളിതുവരെ ക്രെഡിറ്റ് ആകാത്തത് പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 2,688/-രൂപ ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വരവ് നഷ്ടം – 2,688/-രൂപ
ഓഡിറ്റ് എൻക്വയറി നം. 14/28.10.22

1-12 കെട്ടിടനികുതി നിർണ്ണയിച്ചതിലെ അപാകത

ശ്രീ.ഉദയകുമാർ / ശ്രീ.മനോജ് കുമാർ (12/725, 12/726) എന്നിവരുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി പുനർ നിർണ്ണയിച്ച് വ്യത്യസ്ത നമ്പറുകൾ നൽകുന്നതിലേക്കായി അപേക്ഷ

സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈ കെട്ടിടത്തിന് 12/725, 12/725A, 12/726, 12/726A എന്നീ നമ്പറുകൾ അനുവദിച്ച് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ പ്രാഥമിക മേഖലയിൽ 5 മീറ്റർ റോഡിന്റെ വശത്തായി സ്ഥിതിചെയ്യുന്ന കെട്ടിടത്തിന് ഓരോ കെട്ടിട നമ്പരിനും മേഖല, റോഡിന്റെ തരം എന്നിവ വ്യത്യസ്ത രീതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവ് അനുവദിച്ച നികുതി പുനർ നിർണ്ണയിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | | കെട്ടിട നമ്പർ | മേഖല | റോഡിന്റെ തരം |
|---|---|---|---|---|
| 1 | ശ്രീ.ഉദയകുമാർ / ശ്രീ.മനോജ് കുമാർ | 12/725<br>119.6 ച.മീറ്റർ | ദ്വിതീയം | 1.5 മീറ്ററിൽ കൂടുതൽ |
| 2 | | 12/725A<br>119.6 ച.മീറ്റർ | ദ്വിതീയം | 5 മീറ്റർ |
| 3 | | 12/726<br>121.44 ച.മീറ്റർ | ദ്വിതീയം | 1.5 മീറ്ററിൽ കുറവ് |
| 4 | | 121/726A<br>121.44 ച.മീറ്റർ | പ്രഥമം | 5 മീറ്റർ |

ക്രമനമ്പർ 4 ന് മാത്രമാണ് മേഖല, റോഡിന്റെ തരം എന്നിവ കൃത്യമായി നല്കി നികുതി പുനർ നിർണ്ണയിച്ചിരിക്കുന്നത്. കൂടാതെ സമർപ്പിച്ചിരിക്കുന്ന പ്ലാൻ പ്രകാരം 12/726, 12/726A എന്നീ കടമുറികളുടെ തറവിസ്തീർണ്ണം 128.66 ച.മീറ്റർ വീതമാണ്. രണ്ട് കടമുറികളിലുമായി 14.44 ച.മീറ്ററിന് ( (128.66-121.44)*2) നികുതി നിർണ്ണയിച്ചിട്ടില്ല. തെറ്റായ മേഖല, റോഡിന്റെ തരം നല്കി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവു നൽകിയതിനും 14.44 ച.മീറ്ററിന് നികുതി നിർണ്ണയിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ അസ്സസ്മെന്റ് ഫയൽ ഓഡിറ്റ് റിക്വസിഷനിലൂടെ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കാതിരുന്നതിനാൽ അസ്സസ്മെന്റിലുള്ള മറ്റ് അപാകതകൾ കണ്ടെത്തുന്നതിനോ സ്ഥല പരിശോധന നടത്തുന്നതിനോ സാധിച്ചിട്ടില്ല. സ്ഥലപരിശോധന നടത്തി മറ്റ് അപാകതകളുണ്ടോയെന്ന് പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.8/27.10.22
ഓഡിറ്റ് റിക്വസിഷൻ നം.2/28.10.22

1-13 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച 1,41,100/-രൂപയുടെ ട്രഷറി ചെക്കുകൾ പണമാക്കാൻ നടപടി സ്വീകരിച്ചില്ല - 1,41,100/-രൂപ വരവ് നഷ്ടം.

2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വിവിധ ലഭിച്ച 1,41,100/-രൂപയുടെ ട്രഷറി ചെക്കുകൾ 2021-22 സാമ്പത്തിക വർഷം അവസാനിച്ചിട്ടും LGTSB Ac No. 799013000001034 ൽ കളിയർ ചെയ്യാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | തീയതി | സ്ഥാപനം | ചെക്ക് നമ്പർ | തുക (രൂപ) |
|---|---|---|---|---|
| 12005050063 | 26-03-2021 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കുളക്കട | Xy0189855 | 29,100/- |
| 120050500016 | 08/10/2020 | ഡി വി യു പി എസ് വെണ്ടാർ | 7625874 | 10,750/- |
| 120050500018 | 09/10/2020 | ഡി വി യു പി എസ് വെണ്ടാർ | 9450398 | 5,750/- |
| 120050500019 | 15/10/2020 | ഗവ. എച്ച് എസ് എസ് കുളക്കട | 3866659 | 53,250/- |
| 120050500056 | 22/10/2020 | ഗവ. വി. എച്ച് എസ് എസ് കുളക്കട | 324705 | 11,250/- |
| 120050500052 | 24/02/2021 | ഡി.എൻ. വി എച്ച് എസ് എസ് പൂവറ്റൂർ ജെ.വി വൌച്ചർ | 642237 | 27,500/- |
| ജെ.വി വൗച്ചർ 32000361 | 31/03/2021 | - | 762534 | 3,500/- |
| | | ആകെ | | 1,41,100/- |

03/2022 റീകൺസിലിയേഷൻ പത്രികയിൽ Uncleared Cheque ആയി അവശേഷിക്കുന്ന മേൽ തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (10-27/10/2022) സ്ഥാപനങ്ങൾ BIMS Proceedings ഇല്ലാതെയാണ് ചെക്കുകൾ ലഭ്യമാക്കിയത് എന്നും ആയത് ലഭ്യമാക്കാൻ ഫോൺ മുഖേന നിർദ്ദേശം നൽകിയെങ്കിലും സ്ഥാപനങ്ങൾ BIMS Proceedings ലഭ്യമാക്കാത്തതിനാലാണ് 1,41,100/-രൂപ നിലവിലും പണമാക്കാതെ അവശേഷിക്കുന്നതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ 1,41,100/-രൂപ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ തെളിവുകൾ ഹാജരാക്കാത്തതിനാലും ചെക്കുകൾ നാളിതുവരെ റീവാലിഡേറ്റ് ചെയ്ത് ട്രഷറിയിൽ സമർപ്പിക്കാത്തതിനാലും 1,41,100/-രൂപ താത്കാലികമായി വരവ് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. 1,41,100/-രൂപ സ്ഥാപനങ്ങളിൽ നിന്ന് പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-14 പ്രോജക്ട് വകയിരുത്തിയതിലും കൂടുതൽ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു.

ഡയറി ഫാം ഇൻസ്പെക്ടർ നടപ്പാക്കിയ പ്രോജക്ട് നം. 33/22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ടിന് വികസന ഫണ്ട് - (ജനറൽ) – 1,29,084/-, തനത് ഫണ്ട് - 7,70,916/-, ജില്ലാ പഞ്ചായത്ത് വിഹിതം - 4,00,000/- എന്നിങ്ങനെ ആകെ 13,00,000/-രൂപ വകയിരുത്തിയിരുന്നു. എന്നാൽ തനത് ഫണ്ടിൽ വകയിരുത്തിയതിനേക്കാൾ 33,462/-രൂപ അധികമായി പ്രോജക്ടിനായി ചെലവഴിച്ചു. യഥാസമയം പ്രോജക്ട് റിവൈസ് ചെയ്യാതിരുന്നത് മൂലമാണ് ഇങ്ങനെ സംഭവിച്ചത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ പദ്ധതി ചെലവ് അധികരിക്കുന്ന പക്ഷം യഥാസമയം റിവൈസ് ചെയ്ത് പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.

1-15 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല.

കരാറുകാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമേ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്തുകമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ച നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം.SO 238/22 (പഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യവികസനം)
അടങ്കൽ തുക : 450,000/-രൂപ (തനത് ഫണ്ട്)
ചെലവ് തുക : 4,31,838/-രൂപ (ചെക്ക് നം.1660433/4.2.20 : 2,31,890/-രൂപ, ചെക്ക് നം. 3959085 / 25.2.22 : 1,99,948/-രൂപ)
കരാറുകാരൻ : ശ്രീ.L.തോമസ്.
എഗ്രിമെന്റ് നം. : 10/AE/LSGD/KDA/19-20/25.10.2019
ടി.എസ്.നം. : 54544/19-20
എം.ബുക്ക് നം. : 30/19-20
എഗ്രീഡ് പി.എ.സി : 4,01,441.96/-
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം : 4 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 25.10.2019 (Site Handed Over)
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 07.02.2022.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി : 24.02.2020

വൈകിയ കാലയളവ് : 713 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 40,144/-രൂപ ( Ltd To 10% Of PAC (4,01,441.96/-രൂപ X 0.1% X713/7) )
ഈടാക്കിയ ഫൈൻ : 12,955/-രൂപ
ഈടാക്കിയതിൽ കുറവുവന്ന തുക : 27,189/-രൂപ

അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, കരാറുകാരൻ പ്രവൃത്തി ആരംഭിച്ചപ്പോൾ എസ്റ്റിമേറ്റിലെ പല ഇനം പ്രവൃത്തികളും ആവശ്യമില്ലായെന്നും, പുതിയ ഇനങ്ങൾ ഉൾപ്പെടുത്തണമെന്നും ആവശ്യങ്ങളുണ്ടായെന്നും, ആയതിനാൽ എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടിവന്നുവെന്നും, ഇതിൽ കരാറുകാരന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ലായെന്നും അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിക്കുന്നു. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ചട്ടപ്രകാരം ദീർഘിപ്പിച്ച നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല.

2. പ്രോജക്ട് നം.SO 237/22 (ഉദുതീലമ്പലം ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം)
അടങ്കൽ തുക : 8,00,000/-രൂപ (തനത് ഫണ്ട്)
ചെലവ് തുക : 5,91,663/-രൂപ (ചെക്ക് നം.2928657/23.3.21 : 4,51,873/-രൂപ, ചെക്ക് നം.3959084/25.2.22: 1,39,790/-രൂപ)
കരാറുകാരൻ - ശ്രീ.കെ.വി ധർമ്മരാജൻ
എഗ്രിമെന്റ് നം. : 61/AE/LSGD/KDA/19-20/05.11.2019.
ടി.എസ്.നം. : 70034/19-20
എം.ബുക്ക് നം. : 51/19-20
എഗ്രീഡ് പി.എ.സി. : 6,91,708.41/-
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം : 6 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 05.11.2019 (Site Handed Over)
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 15.01.2022
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി : 04.05.2020.
6 മാസം ദീർഘിപ്പിച്ചതിനുശേഷമുള്ള പൂർത്തീകരണ തീയതി : 25.12.2021 (GO (Rt) 1444/2/LSGD/31.7.21)
വൈകിയ കാലയളവ് : 436 ദിവസം (5.11.2020 മുതൽ 15.01.2022 വരെ)
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 43,084/-രൂപ (6,91,708/-രൂപ X 0.1% X436/7).
ഈടാക്കിയ ഫൈൻ : 17,751/-
ഈടാക്കിയതിൽ കുറവുവന്ന തുക : 25,333/-രൂപ

അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കോവിഡ് ലോക്ക്ഡൗൺ മൂലം മെറ്റീരിയലുകൾക്കും, തൊഴിലാളികൾക്കും ലഭ്യതക്കുറവുണ്ടായതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിക്കുന്നു. എന്നാൽ കോവിഡ് ലോക്ക്ഡൗൺ മൂലം നീട്ടിനൽകാൻ കഴിയുന്ന കാലാവധി 6 മാസം മാത്രമാണെന്നുള്ളതിനാൽ, മേൽ മറുപടി അംഗീകരിക്കുന്നില്ല.
മേൽ 2 പ്രവൃത്തികളിലുമായി പരാമർശിക്കുന്ന ആകെ തുക 52,522/-രൂപ ഉത്തരവാദിയായ കരാറുകാരിൽനിന്നോ, അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.4/26.10.22.

1-16 വീട്ടുവളപ്പിൽ കുളത്തിൽ മത്സ്യകൃഷി - ഭാഗികമായി പദ്ധതി തുക അനുവദിച്ചു - 4,324/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം : SO.174, വീട്ടുവളപ്പിൽ കുളത്തിൽ മത്സ്യകൃഷി.
നിർവ്വഹണാധികാരി : ഫിഷറീസ് സബ് ഇൻസ്പെക്ടർ
അടങ്കൽ തുക : 4,92,000/- (തനത് ഫണ്ട് : 41,000/-; മറ്റുള്ളവ : 4,51,000/-)
ചെലവ് : 37,122/-രൂപ (ചെക്ക് നം. 2928687/12.7.21)

പദ്ധതി പ്രകാരം തനതുഫണ്ടിൽ നിന്നും ഉള്ള ആകെ ചെലവായ 37,122/-രൂപയിൽ 4,324/-രൂപ ശ്രീ.ദീപു ശങ്കർ, ശാരദ ഭവൻ എന്ന വ്യക്തിക്ക് നൽകികാണുന്നു. വെഞ്ച്വറി പമ്പ് : 3,160/-രൂപ, പക്ഷിവല : 364/-രൂപ, മെഡിസിൻ : 800/-രൂപ എന്നീ ക്രമത്തിൽ 3 വൗച്ചറുകൾ പ്രകാരമാണ് തുക കണക്കാക്കിയിരിക്കുന്നത്. വൗച്ചറുകൾ പദ്ധതി നിർവ്വഹണാധികാരി പാസ്സാക്കിയിട്ടില്ല.

അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/26-10-22) മറുപടിയായി ശ്രീ.ദീപുശങ്കറിന് അർഹതപ്പെട്ട സബ്സിഡി തുക 31,325/-രൂപയായിരുന്നുവെന്നും, ഇതിൽ 27,001/-രൂപ 2020-21 സാമ്പത്തികവർഷം തന്നെ അനുവദിച്ചിരുന്നുവെന്നും, ശേഷിക്കുന്ന തുകയുടെ ബില്ലുകൾ യഥാസമയം സമർപ്പിച്ചിരുന്നില്ല എന്നും, ആയതിനാലാണ് 4,324/-രൂപ സ്പിൽഓവർ പദ്ധതിവഴി 2021-22 വർഷത്തിൽ നൽകേണ്ടി വന്നതെന്നും, വൗച്ചറുകൾ പാസ്സാക്കി ഒപ്പുവയ്ക്കാൻ വിട്ടുപോയതാണെന്നും, ഫിഷറീസ് സബ് ഇൻസ്പെക്ടർ വിശദീകരിക്കുന്നു.

യഥാസമയം ബില്ലുകൾ സമർപ്പിച്ചില്ല എന്ന കാരണത്താൽ, സ്പിൽഓവർ പദ്ധതിയിൽ തുക വകയിരുത്തിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. കൂടാതെ പദ്ധതിവിഭാവനം ചെയ്തിരുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളുടെ സമയബന്ധിത പൂർത്തീകരണം, ഫലപ്രാപ്തി എന്നിവ വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രവർത്തനചെലവുകൾ സംബന്ധമായ പൂർണ്ണമായ രേഖകളുടെ അഭാവത്തിൽ സബ്സിഡിയായി നിശ്ചയിച്ച തുകയുടെ കൃത്യത ഉറപ്പുവരുത്താനും കഴിയുന്നില്ല. മേൽ കാരണങ്ങളാൽ 4,324/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സംചെയ്യുന്നു. ആവശ്യമായ രേഖകളും വിശദീകരണങ്ങളും ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-17 ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കിയില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇ - ടെണ്ടർ ഫാറ വില ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതും, കുളക്കട ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ളതുമായ തുകകളുടെ 2019-20 സാമ്പത്തിക വർഷം മുതലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | തുക (രൂപ) |
|---|---|---|
| 1 | 2019-20 | 84,050/- |
| 2 | 2020-21 | 1,19,160/- |
| 3 | 2021-22 | 1,05,739/- |
| ആകെ | | 3,08,949/- |

2019-20 ന് മുൻപുള്ള സാമ്പത്തിക വർഷങ്ങളിലെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2019-20 ന് മുൻപുള്ള സാമ്പത്തിക വർഷങ്ങളിൽ ഈ ഇനത്തിൽ കിട്ടാനുള്ള തുകകൾ പൂർണ്ണമായും ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, തുകകൾ കിട്ടാനുണ്ടെങ്കിൽ ആയതുകൂടി ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്.

1-18 മാനുവൽ രസീത് പരിശോധിച്ചതിലെ അപാകത

പഞ്ചായത്തിലെ മാനുവൽ രസീത് പരിശോധിച്ചതിൽ രസീതിലെ തുകയും സഞ്ചയയിലെ പോസ്റ്റിംങ്ങുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| Date | Manual Receipt | Ward/Door | Amount As Per Receipt | Sanchaya Posting |
|---|---|---|---|---|
| 05/10/21 | 24647/100 | IV/311 A | 341/- | തുക അടവാക്കിയിട്ടുണ്ട്. പോസ്റ്റ് ചെയ്തിട്ടില്ല |
| 11/11/21 | 11088/88 | XI/619 | 747/- | തുക അടവാക്കിയിട്ടുണ്ട്.<br>പോസ്റ്റ് ചെയ്തിട്ടില്ല |

| | | | | |
|---|---|---|---|---|
| 21.02.2022 | 2978/100 | X/167 | 42/- | തുക അടവാക്കിയിട്ടുണ്ട്<br>തുക സഞ്ചയയിൽ 2 പ്രാവശ്യം പോസ്റ്റ് ചെയ്തിരിക്കുന്നു. ആയതിനാൽ 2022-23 ൽ ഡിമാൻഡ് ഇല്ലാതായി |

സഞ്ചയയിലെ പോസ്റ്റിംങ്ങിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ക്രമനമ്പർ 1, 2 പോസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ക്രമനമ്പർ 3 അഡ്വാൻസായി പോസ്റ്റ് ചെയ്തത് സഞ്ചയയിൽ നിന്നും ഒഴിവാക്കേണ്ടതും സമാനമായ അപാകതകളുണ്ടോയെന്ന് പരിശോധന നടത്തേണ്ടതുമാണ്. ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം. 13/27.10.22

1-19 പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് രേഖപ്പെടുത്തൽ പൂർണ്ണമല്ല.

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. ഓഡിറ്റ് കാലയളവിൽ 13/10/2021 മുതൽ 24.11.2021 വരെ വാഹനത്തിന്റെ ലോഗ് ബുക്കിൽ യാത്രാ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാലയളവിൽ വാഹനം 909 കി.മീ. യാത്ര നടത്തിയിരുന്നു. ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇക്കാലയളവിൽ വാഹനത്തിന്റെ ലോഗ് ബുക്ക് നഷ്ടപ്പെട്ടതായും പോലീസ് അന്വേഷണത്തിൽ മാത്രമാണ് ലോഗ് ബുക്ക് കണ്ടെത്തിയത് എന്നും വാഹനത്തിന്റെ താത്കാലിക ഡ്രൈവർ മരണപ്പെട്ടതായും മറുപടി നൽകിയിട്ടുണ്ട്. നിലവിൽ പുതിയ ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തുന്നു. ലോഗ് ബുക്കിൽ യാത്രാ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

1-20 ചെലവ് രേഖകൾ ഹാജരാക്കിയില്ല.

ഓഡിറ്റ് വർഷം മഴക്കാല പൂർവ്വ ശുചീകരണം പ്രവർത്തിക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി വാർഡ് ഒന്നിന് 10,000/-രൂപ വീതം ആകെ 1,90,000/-രൂപയും ശുചിത്വ മിഷൻ വിഹിതമായി വാർഡ് ഒന്നിന് 10,000/-രൂപ വീതം ആകെ 1,90,000/-രൂപ ഉൾപ്പെടെ 19 വാർഡുകൾക്ക് ആകെ 3,80,000/-രൂപ തനത് ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 021203/31.05.2021 പ്രകാരം പിൻവലിച്ച് മെഡിക്കൽ ഓഫീസർ, സി.എച്ച്.സി യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് റിക്വിസിഷൻ (നം. 3/28.10.22) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ അനുവദിച്ച 3,80,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ചെലവ് രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 3,80,000/-രൂപ
ഓഡിറ്റ് റിക്വിസിഷൻ നം. – 3/28.10.22

1-21 പഠനമുറി നിർമ്മാണത്തിനായി തുക കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം - 48/22, എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട് അടങ്കൽ - 24,00,000/- (വികസനഫണ്ട് - എസ്.സി.പി)

ചെലവ് - 17,75,000/-

ഒരു ഗുണഭോക്താവിന് 1,00,000/-രൂപ വീതം നൽകി പഠനമുറി പൂർത്തീകരിക്കാനാണ് പദ്ധതി ലക്ഷ്യം. 50,000/-രൂപ മുൻകൂർ നൽകി, പ്രവൃത്തിയുടെ മൂല്യാടിസ്ഥാനത്തിൽ ബാക്കി തുക നൽകുകയുമാണ് ചെയ്തിരുന്നത്. എന്നാൽ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ട് നിലവിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുകയുടെ വിവരം |
|---|---|---|

| | | |
|---|---|---|
| നം | | |
| 1 | അഭിജിത്ത്.എ<br>ഭാരതി/ആനന്ദൻ<br>കോയിക്കൽ പടിഞ്ഞാറ്റതിൽ,<br>കുളക്കട കിഴക്ക് | 1) 50,000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക - 5,00,000/-<br>2) 25,000/-<br>ബിൽ നം - 34/21-22/10-02-2022<br>ബിൽ തുക – 75,000/- |
| 2 | അഭിനന്ദ്.ആർ<br>രാജൻ<br>ജാതിവിളയിൽ വീട്<br>ഏറത്തുകുളക്കട | 50,000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക - 5,00,000/- |
| 3 | ജീവൻ പ്രകാശ്<br>ലളിത.സി<br>ആശാരിയഴികത്ത് ജീവൽഭവൻ<br>പൂവറ്റൂർ കിഴക്ക് | 1) 50,000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക - 5,00,000/-<br>2) 25,000/-ബിൽ നം - 46/21-22/26-03-2022 ബിൽ തുക -1,75,000/- |
| 4 | ശില്പ ശേഖർ<br>ആനന്ദവല്ലി.സി/<br>രാജശേഖരൻ<br>ആശാരവികത്ത് വീട്<br>പൂവറ്റൂർ കിഴക്ക് | 1)50000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക- 5,00,000/-<br>2)25000/-<br>ബിൽ നം - 46/21-22/26-03-2022<br>ബിൽ തുക- 1,75,000/- |
| 5 | ഉണ്ണി/ശ്രീനാഥ്<br>പാറവിള വീട്<br>പെരുംകുളം | 1) 50,000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക - 5,00,000/-<br>2) 25,000/-<br>ബിൽ നം - 38/21-22/07-03-2022<br>ബിൽ തുക - 1,00,000/- |
| 6 | ബീന.എസ്.വി<br>അശ്വതി ഭവനം<br>പൂവറ്റൂർ പടിഞ്ഞാറ് | 1) 50,000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക- 5,00,000/-<br>2) 25,000/-<br>ബിൽ നം - 38/21-22/07-03-2022<br>ബിൽ തുക - 1,00,000/- |
| 7 | പുഷ്പ/രാജൻ<br>റജിൻ രാജ്<br>രമ്യാഭവനം<br>പൂവറ്റൂർ വെസ്റ്റ് | 1) 50,000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക- 5,00,000/-<br>2) 25,000/-<br>22-23 സാമ്പത്തിക വർഷത്തിലാണ് തുക നൽകിയിരിക്കുന്നത്. |
| 8 | സിന്ധു.എസ് | 50,000/- |

| | | |
|---|---|---|
| | ഹരികൃഷ്ണൻ.എച്ച്<br>ചെള്ളക്കോട് പടിഞ്ഞാറ്റതിൽ<br>പൂവറ്റൂർ കിഴക്ക് | ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക - 5,00,000/- |
| 9 | സുരേഷ് ബാബു.<br>സന്ദീപ്.എസ്<br>സന്ധ്യാ ഭവനം<br>മൈലംകുളം | 50,000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക - 5,00,000/- |
| 10 | പ്രസീത.പി<br>മന്യ.പി<br>മാത്ര ചരുവിള വീട്<br>ആറ്റുവാശ്ശേരി | 1) 50,000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക - 5,00,000/-<br>2) 25,000/-<br>ബിൽ നം - 46/21-22/26-03-2022<br>ബിൽ തുക- 1,75,000/- |
| 11 | രാഘവൻ.കെ.ആർ-രാജി<br>ചരിപ്പുറത്ത് വീട്<br>ആറ്റുവാശ്ശേരി | 1) 50,000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക - 5,00,000/-<br>2) 25,000/-<br>22-23 സാമ്പത്തിക വർഷത്തിലാണ് തുക നൽകിയിരിക്കുന്നത്. |
| 12 | അനിൽകുമാർ.വി<br>ആര്യലക്ഷ്മി<br>ചരുവിള കിഴക്കതിൽ<br>കുളക്കട | 1) 50,000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക- 5,00,000/-<br>2) 25,000/-<br>ബിൽ നം - 45/21-22/23-03-2022<br>ബിൽ തുക - 75,000/- |
| 13 | അനിൽകുമാർ.എൽ<br>ആഷിക്.ബി.അനിൽ<br>സന്ധ്യാഭവൻ<br>പൂവറ്റൂർ കിഴക്ക് | 1) 50,000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക - 5,00,000/-<br>2) 25,000/-<br>ബിൽ നം - 35/21-22/18-02-2022<br>ബിൽ തുക - 75,000/- |
| 14 | ജി.സത്യൻ<br>പാറയ്ക്കൽ കിഴക്കതിൽ<br>പൂവറ്റൂർ കിഴക്ക് | 1) 50,000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക- 5,00,000/-<br>2) 25,000/-<br>ബിൽ നം - 46/21-22/26-03-2022<br>ബിൽ തുക- 1,75,000/- |
| 15 | ഭാരതി /സുജ<br>പടിഞ്ഞാറ്റതിൽ വീട്<br>പെരുംകുളം | 1) 50,000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക - 5,00,000/- |

| | | |
|---|---|---|
| | | 2) 25,000/-<br>ബിൽ നം - 34/21-22/10-02-2022<br>ബിൽ തുക- 75,000/- |
| 16 | അർപ്പിത.എം<br>മോഹനൻ.ജി<br>മോഹന വിലാസം<br>പെരുംകുളം | 1) 50,000/-<br>ബിൽ നം - 27/21-22/21-12-2021<br>ബിൽ തുക - 5,00,000/-<br>2) 25,000/-<br>ബിൽ നം - 45/21-22/23-03-2022<br>ബിൽ തുക - 75,000/- |
| | ആകെ | 10,75,000/- |

പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ 10,75,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 10,75,000/-
ഓഡിറ്റ് എൻക്വയറി നം – 16/28.10.22

1-22 മരുന്നുകൾ, ഉപകരണങ്ങൾ KMSCL നിന്നും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി KMSCLന് നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | അടങ്കൽ (രൂപ) | ചെലവുതുക (രൂപ) | ബിൽ നം./തീയതി | മരുന്ന് വാങ്ങാനായി നൽകിയ തുക | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| SO178/21-22 പാലിയേറ്റീവ് കെയർ | 1,71,640/- (വികസനഫണ്ട്-ജനറൽ) | 1,19,967/- (വികസനഫണ്ട്-ജനറൽ) | 7/16.7.22 | 74,977/- | 74,977/- |
| 49/21-22 പാലിയേറ്റീവ് കെയർ | 8,00,000/- (വികസനഫണ്ട്-ജനറൽ) 7,00,000/- (തനത്ഫണ്ട്) | 7,81,951/- (വികസനഫണ്ട്-ജനറൽ) 6,50,000/-* (തനത്ഫണ്ട്) | 17/22.11.2021 | 2,71,675/- | 10,21,667/- |
| | | | 24/2.2.22 | 49,996/- | |
| | | | Chq 3959435 | 6,50,000/- | |
| | | | UTR RBI0352290035256 | 49,996/- | |
| * 49,996/- രൂപയുടെ ചെലവ് സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. | | | | | |
| ആകെ - 10,96,644/- | | | | | |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ, ഉപകരണങ്ങൾ ലഭിക്കുന്നതിനായി മുൻകൂറായി തുക നൽകിയതു പ്രകാരമുള്ളത് ലഭ്യമാകാത്തതിനാൽ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവയുടെ തുകയായ 10,96,644/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 10,96,644/- രൂപ

ഓഡിറ്റ്എൻക്വയറി നം.7/27.10.22

1-23 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം ഹോംകോസ്റ്റ് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ (രൂപ) | ചെലവുതുക (രൂപ) | ബിൽ നം./തീയതി | തുക നൽകിയത് (രൂപ) | ലഭിക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|---|---|
| 51/21-22 ഹോമിയോ മരുന്നു വാങ്ങൽ | 4,00,000/- (മെയി.ഫണ്ട്-റോഡിതരം) | 4,00,000/- | 21040252023200745 26.11.21 | 4,00,000/- | 4,00,000/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിനായി മുൻകൂറായി തുക നൽകിയതു പ്രകാരമുള്ള മരുന്നുകൾ ലഭ്യമാകാത്തതിനാൽ മരുന്നുകളുടെ തുകയായ 4,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 4,00,000/-രൂപ

ഓഡിറ്റ് എൻക്വയറി നം. – 2/25.10.22

1-24 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1) 2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന നിക്ഷേപ പ്രവൃത്തികൾ പ്രകാരം, അതാത് പദ്ധതിയ്ക്കായി നിർവ്വഹണ ഏജൻസി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരം തുക നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ പൂർത്തീകരണത്തിന്റേയും തുകയുടെ വിനിയോഗ വിവരത്തിന്റേയും വിശദാംശങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടതിൻ പ്രകാരം മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപ പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ തുക നൽകിയിട്ടും നാളിതുവരെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ചുവടെ സൂചിപ്പിക്കുന്ന നിക്ഷേപ പ്രവൃത്തികൾക്കായി നടത്തിയ 46,43,300/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ/പേര് | ഫണ്ട് | ചെലവ് തുക/ ബിൽ നം തീയതി | പ്രവൃത്തി ഏറ്റെടുത്ത സ്ഥാപനം | തുകയുടെ വിനിയോഗ വിവരം | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | 318/22- അരിഞ്ചിറക്കുളം സംരക്ഷണ ഭിത്തി നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7,52,800/- 429/22-03-2022 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | ലഭിച്ചിട്ടില്ല | പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ, തുകയുടെ വിനിയോഗ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 46,43,300/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്ന |
| 2 | 317/22- അഞ്ചക്കുളം സംരക്ഷണ ഭിത്തി നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,00,000/- 428/22-03-2022 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | ലഭിച്ചിട്ടില്ല | |
| 3 | 316/22 എട്ടാം വാർഡിലെ കൊയ്പ്പള്ളി കുളം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10,00,000/- 427/22-03-22 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | ലഭിച്ചിട്ടില്ല | |

| | | | | | | |
|---|---|---|---|---|---|---|
| | സംരക്ഷണ ഭിത്തി നിർമ്മാണം | | | | | |
| 4 | 268/22- കലയപുരത്തെ പുലമൺ തോടിന് സംരക്ഷണ ഭിത്തി നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 26,90,500/- 05-01-2022 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | ലഭിച്ചിട്ടില്ല | മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്. |

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
തടസ്സപ്പെടുത്തിയ തുക - 46,43,300/-രൂപ
ഓഡിറ്റ് എൻക്വയറി നം – 1/22-10-22

2) അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ – 146/22, എന്ന പ്രവൃത്തിയ്ക്ക് വികസനഫണ്ട് – എസ്.സി.പി വിഹിതത്തിൽ നിന്നും 1,92,576/-രൂപ (ബിൽ നം- 13/21-22/03-12-2021 - 94,400/-; ബിൽ നം - 23/21-22/10-12-2021 – 50,976/- ; ബിൽ നം- 24/21-22/15-12-2021 - 50,976/-) പിൻവലിച്ച് കെ.എസ്.ഇ.ബി യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് തുകയുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി
ഓഡിറ്റ് തടസ്സം - 1,92,576/-രൂപ
ഓഡിറ്റ് എൻക്വയറി നം-16/28-10-22

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച 1,41,100/-രൂപയുടെ ട്രഷറി ചെക്കുകൾ പണമാക്കാൻ നടപടി സ്വീകരിച്ചില്ല- 1,41,100/-രൂപ വരവ് നഷ്ടം.

2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വിവിധ ലഭിച്ച 1,41,100/-രൂപയുടെ ട്രഷറി ചെക്കുകൾ 2021-22 സാമ്പത്തിക വർഷം അവസാനിച്ചിട്ടും LGTSB Ac No. 799013000001034 ൽ ക്ലിയർ ചെയ്യാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | തീയതി | സ്ഥാപനം | ചെക്ക് നമ്പർ | തുക (രൂപ) |
|---|---|---|---|---|
| 12005050063 | 26-03-2021 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കുളക്കട | Xy0189855 | 29,100/- |
| 120050500016 | 08/10/2020 | ഡി വി യു പി എസ് വെണ്ടാർ | 7625874 | 10,750/- |
| 120050500018 | 09/10/2020 | ഡി വി യു പി എസ് വെണ്ടാർ | 9450398 | 5,750/- |
| 120050500019 | 15/10/2020 | ഗവ. എച്ച് എസ് എസ് കുളക്കട | 3866659 | 53,250/- |
| 120050500056 | 22/10/2020 | ഗവ. വി. എച്ച് എസ് എസ് കുളക്കട | 324705 | 11,250/- |
| 120050500052 | 24/02/2021 | ഡി.എൻ. വി എച്ച് എസ് എസ് പൂവറ്റൂർ ജെ.വി വൌച്ചർ | 642237 | 27,500/- |
| ജെ.വി വൗച്ചർ 32000361 | 31/03/2021 | - | 762534 | 3,500/- |

| | | | | |
|---|---|---|---|---|
| | | ആകെ | | 1,41,100/- |

03/2022 റീകൺസിലിയേഷൻ പത്രികയിൽ Uncleared Cheque ആയി അവശേഷിക്കുന്ന മേൽ തുകകൾ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (10-27/10/2022) സ്ഥാപനങ്ങൾ BIMS Proceedings ഇല്ലാതെയാണ് ചെക്കുകൾ ലഭ്യമാക്കിയത് എന്നും ആയത് ലഭ്യമാക്കാൻ ഫോൺ മുഖേന നിർദ്ദേശം നൽകിയെങ്കിലും സ്ഥാപനങ്ങൾ BIMS Proceedings ലഭ്യമാക്കാത്തതിനാലാണ് 1,41,100/-രൂപ നിലവിലും പണമാക്കാതെ അവശേഷിക്കുന്നതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ 1,41,100/-രൂപ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ തെളിവുകൾ ഹാജരാക്കാത്തതിനാലും ചെക്കുകൾ നാളിതുവരെ റീവാലിഡേറ്റ് ചെയ്ത് ട്രഷറിയിൽ സമർപ്പിക്കാത്തതിനാലും 1,41,100/-രൂപ താത്കാലികമായി വരവ് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. 1,41,100/-രൂപ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

2-2 ചെക്ക് മുഖേന വസ്തു നികുതി അടവാക്കിയത് പൂർണമായും പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.

ശ്രീ.ജി. ഗോപിനാഥപിള്ള തഹസീൽദാർ 30.3.2022 തീയതിയിൽ 1210105599 നമ്പർ രസീത് പ്രകാരം 7,986/-രൂപ വസ്തു നികുതി ചെക്ക് മുഖേന ഫ്രണ്ട് ഓഫീസിൽ അടവാക്കിയിട്ടുണ്ട്. 7,986/-രൂപയിൽ (ചെക്ക് നം. 202450/19.12.21- 2,688/-, 202458/19.01.2022- 2,688/-, 202462/15.02.22- 2,610/-) 5,298/-രൂപ മാത്രമേ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുള്ളൂ. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 2,688/-രൂപ (7986 – 5298) പഞ്ചായത്ത് ഫണ്ട് നാളിതുവരെ ക്രെഡിറ്റ് ആകാത്തത് പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 2,688/-രൂപ ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വരവ് നഷ്ടം – 2,688/-രൂപ
ഓഡിറ്റ് എൻക്വയറി നം. 14/28.10.22

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 26.10.2022 & 27.10.2022 | കെ.എസ്.എ.കെ.എൽ.എം.പി11/ 2041/22, തീ. 03.03.2023 |

4-2 സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,21,100/- | വല്ലം നിറയെ ജൈവപച്ചക്കറി | 1,21,100/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2,89,000/- | നെൽകൃഷി വികസനം | 2,89,000/- | - |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 4,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ 27/21-22 | 4,00,000/- | 4,00,000/- |
| | | 20,000/- | വിശപ്പ് രഹിത കേരളം പ്രോജക്ട് നമ്പർ 175/22 | 20,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 52,000/-(B) | ലൈഫ് പ്രോജക്ട് നമ്പർ 77/22 | 52,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 10,000/-(B) | വിശപ്പ് രഹിത കേരളം പ്രോജക്ട് നമ്പർ 175/22 | 0 | 10,000/- |
| | | 1,00,000/- | അനുപൂരക പോഷകാഹാര പരിപാടി പ്രോജക്ട് നമ്പർ 10 /21-22 | 1,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ 27/21-22 | 1,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,00,000/- | ലൈഫ് എസ് സി പ്രോജക്ട് നമ്പർ 151/22 | 2,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 12,80,000/- | ലൈഫ് എസ് സി പ്രോജക്ട് നമ്പർ 47/21-22 | 12,80,000/- | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പ്രോ.നം.138/21-22 | | 40,88,000/- | 28,55,600/- | 12,32,400/- |
| KSEB | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പ്രോ.നം.146/21-22 | | 1,92,576/- | 1,92,576/- | 0 |
| Minor Irrigation Department | പുലമൺതോട് സംരക്ഷണഭിത്തി നിർമ്മാണം | | 31,00,000/- | 26,90,500/- | 4,09,500/- |
| Minor Irrigation Department | അരിഞ്ചിറക്കുളം സംരക്ഷണഭിത്തി നിർമ്മാണം | | 7,52,831/- | 7,52,800/- | 31/- |
| Minor Irrigation Department | അഞ്ചക്കുളംസംരക്ഷണഭിത്തി നിർമ്മാണം | | 20,00,000/- | 20,00,000/- | - |
| Minor Irrigation Department | 8 വാർഡ് കൊയ്പ്പള്ളി കുളം സംരക്ഷണഭിത്തി നിർമ്മാണം | | 10,00,000/- | 10,00,000/- | - |
| KSEB | ഫെസിലിറ്റേഷൻ സെന്റർ | | 1,64,424/- | 1,64,000/- | 424/- |

| | | | | | |
|---|---|---|---|---|---|
| | വൈദ്യുതീകരണം | | | | |
| | | | 1,12,97,831/- | 96,55,476/- | 16,42,355/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 0/-രൂപ വരവുണ്ട്. മുൻബാക്കി 0/- രൂപയിൽ, 0/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | സ.ഉ.68/2018 തീയതി- 18/5/18 | - | 42,71,386/- | 11,00,000/- | - | 31,71,386/-* |

* വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വായ്പാ തിരിച്ചടവ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ യഥാർത്ഥ നീക്കിയിരിപ്പ് നിർണ്ണയിക്കാൻ കഴിയുന്നില്ല.

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000/- |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,000/- |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11,350/- *രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

* വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 250/- | ശ്രീമതി.ശ്രീജ | 1210101550 23/11/2021 |
| ലഭ്യമല്ല | ലഭ്യമല്ല | 200/- | ശ്രീ.അനിൽ കുമാർ | 1210101551 23/11/2021 |
| ലഭ്യമല്ല | ലഭ്യമല്ല | 200/- | ശ്രീമതി.സിന്ധു | 1210101552 23/11/2021 |
| ലഭ്യമല്ല | ലഭ്യമല്ല | 200/- | ശ്രീമതി.ആർദ്ര | 1210101553 23/11/2021 |
| ലഭ്യമല്ല | ലഭ്യമല്ല | 10,500/- | ശ്രീ.പുഷ്പാംഗതൻ | 1210000256 31/03/2022 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-3 | 2015-16 | | കാർഷിക യന്ത്രവത്കരണം ലക്ഷ്യം നേടിയില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2010-11 | 3-9 | 2012-13 | | കുളക്കട പട്ടികജാതി സർവ്വീസ് സൊസൈറ്റിക്ക് പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2014-15 | 3-2 | 2016-17 | | പുത്തൂർ മാർക്കറ്റ് നവീകരണവും ഓപ്പൺ സ്റ്റാളും ഉടമസ്ഥാവകാശം ഉറപ്പ് വരുത്തിയില്ല. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 1,41,100/- | | ശ്രീ.സുജിത്ത് കുമാർ.വി, സെക്രട്ടറി |
| 2-2 | 2,688/- | | ശ്രീ.സുജിത്ത് കുമാർ.വി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 4,324/- | ശ്രീമതി മഞ്ജു എസ്, ഫിഷറീസ് ഇൻസ്പെക്ടർ |
| 1-20 | 3,80,000/- | ഡോ.ശോഭ.കെ,<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-21 | 10,75,000/- | ശ്രീ.ജോസ് പ്രകാശ്.റ്റി.ഐ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 10,96,644/- | ഡോ.സാബു ആർ,<br>മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-23 | 4,00,000/- | ഡോ.ശോഭ.കെ,<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-24 (1) | 46,43,300/- | ശ്രീ.സുജിത് കുമാർ.വി, സെക്രട്ടറി |
| 1-24 (2) | 1,92,576/- | ശ്രീ.ജോസ് പ്രകാശ് റ്റി.ഐ, അസിസ്റ്റന്റ് സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുജിത്ത് കുമാർ.വി, സെക്രട്ടറി | സെക്രട്ടറി, കുളക്കട ഗ്രാമപഞ്ചായത്ത് | സുജിത്ത് ഭവനം, ചെറുപൊയ്ക.പി.ഒ |
| ശ്രീ.ജോസ് പ്രകാശ് റ്റി.ഐ അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് | തട്ടുവിള പുത്തൻവീട്, കുമ്പളം പി.ഒ, കുണ്ടറ |
| ഡോ.ശോഭ.കെ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | കുളക്കട സി.എച്ച്.സി | ഷൺമുഖപ്രിയ, മീരാനഗർ-31/A, മുണ്ടയ്ക്കൽ ഈസ്റ്റ്, കൊല്ലം |
| ഡോ.സാബു ആർ, മെഡിക്കൽ ഓഫീസർ, ഹോമിയോ | കുളക്കട ഹോമിയോ | ചൈതന്യം, ചാവർകോട്, പാരിപ്പള്ളി |
| ശ്രീമതി മഞ്ജു എസ്, ഫിഷറീസ് ഇൻസ്പെക്ടർ | ഫിഷ് ഫാം മാനേജർ, ഗവ.ഫിഷ് ഫാം | പുത്തൻകണ്ടത്തിൽ, മരുളൂർകുളങ്ങര സൗത്ത്, ആല്യംകടവ് പി ഒ, കരുനാഗപ്പള്ളി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | കെ.എസ്.എ/കെ.എൽ.എം/പി-11-399(3)/23-02-2018 |
| 1996-98 | കെ.എസ്.എ/കെ.എൽ.എം/പി-11-399(4)/23-02-2018 |
| 1998-99 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 1999-00 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2000-01 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2001-02 & 2002-03 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2003-04 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2004-05 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2005-06 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2006-07 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2007-08 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2008-09 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2009-10 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2010-11 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2011-12 & 2012-13 | കെ.എസ്.എ/കെ.എൽ.എം/പി-11-അദാലത്ത്/2011-12 &12-13/1584 19-08-2022 |
| 2013-14 & 2014-15 | കെ.എസ്.എ/കെ.എൽ.എം/പി-11-അദാലത്ത്/2013-14 &14-15/1584 |

| | |
|---|---|
| | 19-08-2022 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം/പി-11-അദാലത്ത്/2015-16/1584<br>19-08-2022 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം/പി-11-1959/2017/22-12-2017 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം/പി-11-221/19/12-04-2019 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം/പി.11/391/2020/17/06/2020 |
| 2019-20 | കെ.എസ്.എ/കെ.എൽ.എം/പി.11/1715/2021/31/05/2022 |
| 2020-21 | കെ.എസ്.എ/കെ.എൽ.എം/പി.11/1714/2021/16-07-22 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

അനുബന്ധം-3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്